കളക്ടർക്ക് നിശ്ചിത പെർഫോർമയിൽ നൽകിയിരുന്നു. ഇതിനു പുറമെ വിളകൾക്ക് സംഭവിച്ച നാശനഷ്ടവും സ്ഥലത്തിന്റെ വിസ്തൃതിയും സംബന്ധിച്ച കണക്കുകൾ കളക്ടർക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നബാർഡിൽ നിന്ന് റീ-ഫൈനാൻസ് ലഭിക്കുന്നതിന് ജില്ലാ കളക്ടർ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ബാങ്ക് ലോൺ റീ-ഷെഡ്യൂൾ ചെയ്യുന്നത് ജില്ലാ കളക്ടർമാർ നൽകുന്ന അന്നവാരി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ്. കേരളത്തിൽ 50 ശതമാനമോ അതിൽ അധികമോ നഷ്ടം വരുന്ന വിളകളുടെ വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് ജില്ലാ കളക്ടർ നോട്ടിഫൈ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ മാത്രം ബാങ്കുകൾ ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളായി പുനഃക്രമീകരിക്കുകയും ചെയ്യുന്നു. അല്ലാതെ കൃഷിക്കാരുടെ 50 ശതമാനത്തിൽ കൂടുതലുള്ള വിളനഷ്ട വിവരമല്ല ലോണുകൾ പുനഃക്രമീകരിക്കുന്നതിന് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. അതനുസരിച്ച് പ്രിൻസിപ്പൽ കൃഷി ആഫീസർ മേയ് മാസത്തിൽ കളക്ടർക്ക് റിപ്പോർട്ട് നൽകുകയും അതിന്മേൽ കൂടുതൽ വിവരം കളക്ടർ ആവശ്യപ്പെട്ടതനുസരിച്ചാണ് പഞ്ചായത്തു തിരിച്ചുള്ള കണക്കുകൾ 13-7-2004-ൽ ജില്ലാ കളക്ടർക്ക് നിശ്ചിത പ്രോഫോർമയിൽ നൽകുകയും ചെയ്തിട്ടുള്ളത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ സർട്ടിഫിക്കറ്റ് നൽകുമ്പോൾ നബാർഡിൽ നിന്ന് വായ്പ ലഭിക്കുന്നതാണ്.

(5) ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സിൽ കരിമ്പ് നൽകിയ കർഷകർക്ക് വില ലഭിക്കാത്തതുമൂലം ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ

ശ്രീ. കെ. അച്ചുതൻ: സർ, കഴിഞ്ഞ നാല് വർഷമായി ചിറ്റൂർ ഷുഗർ ഫാക്ടറിക്കുവേണ്ടി കരിമ്പ് നൽകിയ കർഷകർക്ക് കരിമ്പിന്റെ വില ലഭിക്കാത്തതുകാരണം അവർ ആത്മഹത്യയുടെ വക്കത്താണ്. ഇവിടെ കർഷകർക്ക് ധാരാളം ആനുകൂല്യങ്ങളൊക്കെ പ്രഖ്യാപിക്കുമ്പോൾ കർഷകർ നൽകിയ കരിമ്പിന്റെ വില കിട്ടാത്തതുകൊണ്ട് അവർ ആത്മഹത്യ ചെയ്യുന്ന ഒരു സാഹചര്യമാണിപ്പോൾ. എല്ലാ ബാങ്കുകളും ജപ്തി നടപടികൾ തുടർന്നു കൊണ്ടിരിക്കുകയാണ്. ചിറ്റൂർ ഷുഗർ ഫാക്ടറിയെ രക്ഷപ്പെടുത്താൻ അടിയന്തിരമായി എന്തെങ്കിലും നടപടി ഉണ്ടാകണം. ചിറ്റൂരിൽ 10-25 ലോഡ് സ്പിരിറ്റ് എക്സൈസ്സുകാർ—പോലീസുകാർ പിടിച്ചത് മുഴുവൻ മിനി സ്റ്റേഷൻ കെട്ടുന്ന സ്ഥലത്ത് വച്ചതുകൊണ്ട് അവിടെ മിനിസ്റ്റേഷന്റെ പണി നടത്താൻ കഴിയുന്നില്ല. ആ സ്പിരിറ്റെങ്കിലും ഈ ചിറ്റൂർ ഷുഗർ ഫാക്ടറിക്ക് കൊടുത്താൽ ആ ഫാക്ടറിയെ തൽക്കാലം രക്ഷപ്പെടുത്താൻ കഴിയും; ആ സ്ഥലത്തു നിന്ന് സ്പിരിറ്റ് മാറ്റാനും കഴിയും. ഇങ്ങനെ പിടിക്കുന്ന സ്പിരിറ്റ് പുഴയിൽ കൊണ്ടു പോയി ഒഴുക്കുകയാണ് പതിവ്. എക്സൈസ്സുകാർ കൂടി താൽപര്യമെടുത്ത് ആ സ്പിരിറ്റ് ചിറ്റൂർ ഷുഗർ ഫാക്ടറിക്ക് ചുരുങ്ങിയ വിലയ്ക്ക് കൊടുത്താൽ ആ ഫാക്ടറിയെ രക്ഷപ്പെടുത്താൻ കഴിയും കരിമ്പ് കർഷകർക്ക് കാശ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാനും കഴിയും; ഇതിൽ അടിയന്തിര നടപടിയുണ്ടായില്ലെങ്കിൽ കർഷകർ ആത്മഹത്യ ചെയ്യുന്ന സാഹചര്യമുണ്ടാകും. ഈ ഗവൺമെന്റിനെ സംബന്ധിച്ച് കർഷകർക്ക് പല ആനുകൂല്യങ്ങളും പ്രഖ്യാപിക്കുമ്പോൾ കരിമ്പ് കർഷകർക്ക് കൊടുക്കേണ്ട കാശ് കൊടുക്കാത്തത് വളരെയേറെ പരിതാപകരമാണ്. ഇതിൽ അടിയന്തിര നടപടിയുണ്ടാകണം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൽപര്യമെടുക്കണമെന്നഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ചിറ്റൂർ ഷുഗർ മില്ലിൽനിന്ന് കൃഷിക്കാർക്ക് പണം കൊടുക്കുവാനുണ്ടെന്നുള്ളത് ശരിയാണ്. അത് വളരെ ദയനീയമായ പ്രശ്നമാണ്. അതിന്റെ മാനുഷികവശം ഗവൺമെന്റ് കാണുന്നു. എന്തായാലും കഴിഞ്ഞ ക്യാബിനറ്റ് ഒരു തീരുമാനം എടുത്തിട്ടുണ്ട്. ചിറ്റൂർ ഷുഗർ മിൽ സംബന്ധിച്ചുള്ള ഒരു അന്തിമ തീരുമാനം ഉണ്ടാകും. ഫൈനാൻസ് മിനിസ്റ്ററും വ്യവസായ വകുപ്പു മന്ത്രിയുംകൂടി ഡിസ്ക്സ് ചെയ്തിട്ട് വീണ്ടും ആ പ്രൊപ്പോസൽ അടുത്ത ക്യാബിനറ്റിൽ കൊണ്ടുവരാനാണ് പറഞ്ഞിരിക്കുന്നത്. ആ മുറയ്ക്ക് ഇതിന്റെ കടങ്ങളും ബാധ്യതകളുമൊക്കെ വീട്ടുമ്പോൾ കർഷകർക്ക് കൊടുക്കാനുള്ള തുക കൊടുക്കുവാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. 10.00 a.m.]

(6) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നുള്ള ആനുകൂല്യങ്ങൾ

ശ്രീ. എൻ. രാജൻ: സർ, പതിനെട്ടരലക്ഷം പേർ അംഗങ്ങളായിട്ടുള്ള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിവിധ ആനുകൂല്യങ്ങൾക്ക് തീരുമാനം ഉണ്ടാകണമെന്നാണ് എന്റെ നിർദ്ദേശം. 143,840 അപേക്ഷകൾ ആനുകൂല്യങ്ങൾക്കു വേണ്ടി ആ ക്ഷേമനിധി ബോർഡിൽ കെട്ടിക്കിടക്കുന്നു. അമ്പത്തിയെട്ടു കോടി രൂപ ചെലവു വരും. അധിവർഷ ആനുകൂല്യത്തിനു വേണ്ടിയുള്ള അപേക്ഷകൾ 95,615 എണ്ണം ഉണ്ട്. അതിൽ അപേക്ഷകരായിട്ടുള്ളവരിൽ പലരും അറുപത് വയസ്സ് കഴിഞ്ഞുള്ള കർഷക തൊഴിലാളികളാണ്; പലരും ഇന്ന് ജീവിച്ചിരിപ്പില്ല. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ചർച്ചാ വേളയിൽ മറുപടി പറഞ്ഞത് അധിവർഷ ആനുകൂല്യം മാത്രമേ നിർത്തിവച്ചിട്ടുള്ളൂ; ബാക്കിയുള്ളതെല്ലാം കൊടുക്കുന്നുണ്ട് എന്നാണ്. ആ ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് എന്നു പറയുന്നത് അധിവർഷ ആനുകൂല്യം തന്നെയാണ്. അതിനുവേണ്ടിയുള്ള 95,615 അപേക്ഷകൾ പെന്റിംഗ് ആണ്. ഈ ആനുകൂല്യത്തിന്റെ വിതരണം നിർത്തി വച്ചിരിക്കുകയാണ്. അത് കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകണം. അതുപോലെ തന്നെ ഇരുപത്തിനാല് മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. മുപ്പത്തിയാറു മാസം ഭരിച്ച ഗവൺമെന്റിന് ഇരുപത്തിനാലു മാസത്തെ കുടിശ്ശികയാണ് വന്നിരിക്കുന്നത്. ഈ ഓണക്കാലത്ത് ആ പെൻഷൻ കുടിശ്ശിക തീർത്ത് കൊടുക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. അധിവർഷ ആനുകൂല്യങ്ങൾ പുനസ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നടപടികളും ഉണ്ടാകണമെന്നാണ് എന്റെ അപേക്ഷ.

LIBRARY ARCHIVES Kerala Legislative Assembly